തിരുവമ്പാടി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മിക്കുന്ന റോഡുകൾ

204 (498) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. എം. ജി. എസ്. വൈ. പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ എത്ര റോഡുകൾക്ക് അനുമതി ലഭിച്ചുവെന്നും അവ ഏതൊക്കെയെന്നും അവയ്ക്ക് അനുവദിച്ച ഫണ്ട് എത്രയെന്നും, അവയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കുമോ;

(ബി) ഫേസ് VII-ൽ റീടെണ്ടർ ചെയ്യുവാനുള്ള തിരുവമ്പാടി മണ്ഡലത്തിലെ റോഡുകൾ ഏതൊക്കെയെന്നും എന്ന് റീടെണ്ടർ ചെയ്യുമെന്നും വ്യക്തമാക്കുമോ;

(സി) ഫേസ് VIII-ൽ അനുമതിക്കായി പരിഗണിക്കുന്ന തിരുവമ്പാടി മണ്ഡലത്തിലെ റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തിരുവമ്പാടി മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പി.എം.ജി.എസ്.വൈ പ്രകാരം ഏറ്റെടുത്ത റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം-1 പ്രകാരം ചേർത്തിരിക്കുന്നു.*

(ബി) ഫേസ്-VII പ്രകാരം റീടെണ്ടർ ചെയ്യേണ്ട തിരുവമ്പാടി മണ്ഡലത്തിലെ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം-2 പ്രകാരം ചേർത്തിരിക്കുന്നു.*

(സി) ഫേസ്-VIII പ്രകാരം അനുമതിക്കായി പരിഗണിക്കുന്ന തിരുവമ്പാടി മണ്ഡലത്തിലെ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം-3 പ്രകാരം ചേർത്തിരിക്കുന്നു.*

സിങ്കിങ് അലവൻസ് അനുവദിക്കുന്നതിന് നടപടികൾ

205 (487) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവൃത്തികൾക്ക് അനുവദിച്ചിരിക്കുന്ന സിങ്കിങ് അലവൻസ് പി.എം.ജി.എസ്.വൈ. നിർമ്മാണപ്രവൃത്തികൾക്കുകൂടി അനുവദിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത അലവൻസ് അനുവദിക്കുകയാണെങ്കിൽ ഒരു പരിധിവരെ റോഡുനിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ കാലതാമസം ഒഴിവാക്കാനാവുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പി.എം.ജി.എസ്.വൈ. നിർമ്മാണപ്രവൃത്തികൾക്ക് സിങ്കിങ് അലവൻസ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ റോഡുകളും പാലങ്ങളും വിഭാഗത്തിൽ സിങ്കിംഗ് അലവൻസ് നൽകുന്നില്ല എന്നാണ് മനസ്സിലായിട്ടുള്ളത്. ആവശ്യമായ കൺസോളിഡേഷൻ (ഓപ്റ്റിമം മോയിസ്ചർ കൺടെന്റ്)-ൽ നൽകിയ ശേഷം കിട്ടുന്ന ഫൈനൽ ലെവൽ പ്രകാരം പ്രതിഫലം നൽകുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും കരാർ ഉടമ്പടി ഒപ്പുവയ്ക്കുന്നതും ബിൽ തുക നൽകുന്നതും. ആയതിനാൽ സിങ്കിങ്ങ് അലവൻസ് നൽകേണ്ട ആവശ്യം ഇല്ല.

(ബി) സിങ്കിങ്ങ് അലവൻസ് നൽകാത്തതുമൂലം കാലതാമസം ഉണ്ടാകാൻ സാധ്യതയില്ല.

(സി) മേൽപ്പറഞ്ഞ കാരണങ്ങളാൽ പി.എം.ജി.എസ്.വൈ. നിർമ്മാണ പ്രവൃത്തികൾക്ക് സിങ്കിങ്ങ് അലവൻസ് നൽകുന്നതിന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

എംഎൽഎ.-യുടെ പ്രാദേശിക വികസന ഫണ്ട്, വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തുന്നതിലെ കാലതാമസം

206 (498) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പാക്കുന്ന എംഎൽഎ.-യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചു നടത്തുന്ന പണികളിലും വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ചു നടത്തുന്ന പണികളിലും കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ അഭാവമാണ് കാലതാമസത്തിന് കാരണമെന്ന് കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇത്തിക്കര ബ്ലോക്കിൽ ഈ വർഷം എത്ര പണികളുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ട്; ഇവയിൽ പൂർത്തീകരിച്ചവ എത്ര; ഇനി പണി ആരംഭിക്കേണ്ടവ എത്ര; പണി ആരംഭിച്ച് പൂർത്തിയാകാതെ കിടക്കുന്നതെത്ര; അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഇത്തിക്കര ബ്ലോക്കിൽ 2010-11 വർഷം 6 പ്രവൃത്തികളുടെ നിർദ്ദേശം എം.എൽ.എ. എസ്.ഡി.എഫ്. പ്രകാരം ലഭിച്ചിട്ടുണ്ട്. ഇവയിൽ ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല. 6 പ്രവൃത്തികളിൽ 2 പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇനിയും 4 പ്രവൃത്തികളുടെ പണി ആരംഭിക്കേണ്ടതായിട്ടുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് മുഖേന പ്രവൃത്തികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly